"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - സംസ്ഥാനതല ഉപദേശക സമിതി ചെയർമാൻ റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശന്റെ രാജി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ബി) വകുപ്പ്**

**G.O.(Rt)No.879/2024/HOME** തീയതി,തിരുവനന്തപുരം, 22-03-2024

പരാമർശം:-

1. 16.02.2021 ലെ സ.ഉ. (പി ) നം.17/2021/ ആഭ്യന്തരം (എസ്.ആർ.ഒ നമ്പർ 171/2021)
2. 25.02.2021 ലെ സ.ഉ. (സാധാ) നം.623/2021/ആഭ്യന്തരം
3. 22.02.2024 ലെ സ.ഉ. (സാധാ) നം.561/2024/ആഭ്യന്തരം
4. റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശൻ സമർപ്പിച്ച 23.02.2024 തിയതിയിലെ അപേക്ഷ

**ഉത്തരവ്**

ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ പോലീസ്, ജയിൽ പരിഷ്കരണ സമിതി ശിപാർശ അനുസരിച്ച് ജയിൽ ഉപദേശക സമിതിയുടെ ശിപാർശകൾക്ക് എതിരായ പരാതികൾ അപേക്ഷകൾ എന്നിവ പരിഗണിച്ച് ഉപദേശക സമിതിയുടെ ശിപാർശകൾ അവലോകനം ചെയ്ത് ആയത് സ്ഥിരീകരിക്കുകയോ തള്ളുകയോ വിപരീതമാക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി - ചെയർമാൻ ആയും, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി - മെമ്പർ സെക്രട്ടറി ആയും, നിയമവകുപ്പ് സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി, സർക്കാർ നിയമിക്കുന്ന തടവുകാരുടെ സംശുദ്ധീകരണവും സാന്മാർഗ്ഗീകരണവും സംബന്ധിച്ച ഭരണ നിർവ്വഹണത്തിൽ അനുഭവ സമ്പത്തും പ്രാഗത്ഭ്യവുമുള്ള ഒരു അനൗദ്യോഗിക അംഗം എന്നിവർ അംഗങ്ങളായുമുള്ള സംസ്ഥാനതല ഉപദേശക സമിതി പരാമർശം (1) വിജ്ഞാപനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ചെയർമാന്റെ കാലാവധി മൂന്ന് വർഷമായിരിക്കുമെന്നും പരമാവധി അഞ്ച് വർഷം വരെ കാലാവധി നീട്ടി നൽകാൻ സർക്കാരിന് അധികാരമുണ്ടായിരി ക്കുന്നതാണെന്നും വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (2) പ്രകാരം സംസ്ഥാനതല ഉപദേശക സമിതിയുടെ ചെയർമാനായി റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശനെ നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആദ്യ 3 വർഷ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് സേവന കാലാവധി പരാമർശം (3) പ്രകാരം രണ്ട് വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

2) വ്യക്തിപരമായ അസൗകര്യങ്ങളാൽ ചെയർമാൻ തസ്തികയിൽ തുടരാൻ

കഴിയുകയില്ലെന്നും ആയതിനാൽ 24.02.2024 അപരാഹ്നം മുതൽ വിടുതൽ നല്കണമെന്നും റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശൻ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റിട്ട. ജസ്റ്റിസ് കെ.കെ. ദിനേശൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ചു കൊണ്ട് അദ്ദേഹത്തെ സംസ്ഥാനതല ഉപദേശക സമിതി ചെയർമാന്റെ ചുമതലയിൽ നിന്നും 24.02.2024 അപരാഹ്നം മുതൽ വിടുതൽ ചെയ്തുകൊണ്ടു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BISHWANATH SINHA**

**ADDITIONAL CHIEF SECRETARY**

ജസ്റ്റിസ് കെ.കെ. ദിനേശൻ (റിട്ട), കടവിൽപറമ്പിൽ ഹൗസ് ചേറായി പി.ഓ.
ഏറണാകുളം -683514
അഡ്വ. കെ. വിശ്വൻ, ശ്രീവില്ല, ജില്ലാ കോടതിയ്ക്ക് സമീപം, തലശ്ശേരി, കണ്ണൂർ 670101
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
സെക്രട്ടറി, നിയമ വകുപ്പ്
സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
സൂപ്രണ്ട്, എല്ലാ ജയിലുകളും (ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jijimon.r
Date: 22-03-2024 17:24:16

സെക്ഷൻ ഓഫീസർ